പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *355.

25.06.2018 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി

*ചോദ്യം*

ശ്രീ. അബ്ദുൽ ഹമീദ് പി :
ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. എം.ഉമ്മർ :
ശ്രീ, പാറക്കൽ അബ്ദുല്ല :

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) സംസ്ഥാനത്തെ ഐ.ടി.ഐ.കംളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചി ട്ടുണ്ടോ; | | (എ) ഉണ്ട്.<br>ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐകളെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIFB) ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ കളാക്കി മാറ്റുന്നതി നുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>ഇതിന് പുറമേ തിരുവനന്തപുരം ജില്ലയിലെ ഗവ.ഐ.ടി.ഐ ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ.ഐ.ടി.ഐ കോഴിക്കോട് എന്നീ ഐ.ടി.ഐ കളെയും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| (ബി) ഐ.ടി.ഐ.കളിൽ പുതിയ സിലബസ്സും പുതിയ സാങ്കേതിക വിദ്യയും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു ണ്ടോ; വിശദാംശം നൽകുമോ; | | (ബി) ഐ.ടി.ഐ കളിൽ ട്രേഡുകളുടെ സിലബസുകൾ തയ്യാറാക്കുന്നതും, കാലോചിതമായി പരിഷ്കരിക്കുന്നതും കേന്ദ്ര മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) ആണ്. പുതിയ ട്രേഡുകളുടെ സിലബസ് NCVT തയ്യാറാക്കുന്ന അവസരങ്ങളിൽ വകുപ്പിന്റെ അഭിപ്രായം സമയാസമയങ്ങളിൽ അറിയിക്കാറുമുണ്ട്. |

| | | |
|---|---|---|
| (സി) സംസ്ഥാനത്ത് പുതിയ ഐ.ടി.ഐ.കൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ? | | (സി) താഴെ പറയുന്ന സ്ഥലങ്ങളിൽ പുതിയ ഐ.ടി.ഐകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>1. പന്ന്യന്നൂർ (കണ്ണൂർ)<br>2. പീലിക്കോട് (കാസർഗോഡ്)<br>3. വെള്ളമുണ്ട (വയനാട്)<br>4. അങ്കമാലി (എറണാകുളം)<br>5. മയ്യനാട് (കൊല്ലം)<br>6. വർക്കല (തിരുവനന്തപുരം)<br>7. കുറ്റിക്കോൽ (കാസർഗോഡ്) |

Bindu

സെക്ഷൻ ഓഫീസർ